# മലപ്പുറം നഗരസഭ

H1-12892/2021 പുനർ **ലേല പരസ്യം** **21.10.2021**

**മലപ്പുറം നഗരസഭയുടെ ഷെൽട്ടർ ഫോർ അർബൻ ഹോംലസ് പദ്ധതിയുടെ കെട്ടിട നിർമ്മാണത്തിനായി മലപ്പുറം നെച്ചിക്കുറ്റിയിലെ നഗരസഭാ ഉടമസ്ഥതയിലുള്ള വസ്തുവിലെ 5 തേക്കുകൾ, 6 തെങ്ങുകൾ, 1 മുളളൻകയനി എന്നീമരങ്ങൾ 28.10.2021 ന് പകൽ 11 മണിക്ക് പരസ്യമായിലേലംചെയ്യുന്നതാണ്.**

**ലേലത്തിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ലേല ദിവസം രാവിലെ 10.30 മണിക്ക് മുമ്പായി 3830/- രൂപ നിരത ദ്രവ്യമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ മുമ്പാകെ കെട്ടിവെക്കേണ്ടതാണ്. കൂടാതെ സീൽ ചെയ്ത ദർഘാസുകൾ നേരിട്ടോ തപാൽ മാർഗ്ഗമോ നിശ്ചിത നിരതദ്രവ്യമായ സംഖ്യ അടച്ചതിന്റെ രശീത് /ഡി.ഡി സഹിതം 28.10.2021 തിയ്യതി 10 .30 AM വരെ മലപ്പുറം നഗരസഭാ സെക്രട്ടറി മുമ്പാകെ സമർപ്പിക്കാവുതാണ്. ദർഘാസ്അടങ്ങിയ കവറനു പുറത്ത് "മരങ്ങൾ ലേലം ചെയ്തു വാങ്ങുന്നതിനുള്ള ദർഘാസ്" എന്ന് വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്. ദർഘാസുകൾ നൽകിയിട്ടുള്ളവർ കൃത്യ സമയത്ത് ഹാജരാകേണ്ടതാണ്.**

**പരസ്യലേലം അവസാനിച്ചാലുടൻ ദർഘാസുകൾ തുറക്കുന്നതും ലേലത്തിലോ ദർഘസിലോ ഏതിലാണോ തുക കൂടുതൽ ആയതിന് ലേലം താൽക്കാലികമായി സ്ഥിരപ്പെടുത്തി കൊടുക്കുന്നതുമാണ്. ലേലം താൽക്കാലികമായി ഉറപ്പിച്ചയുടൻ തന്നെ ലേല തുകയുടെ പകുതി അടച്ച് രശീത് വാങ്ങേണ്ടതും ബാക്കി തുക 5% വന വികസന നികുതി ,ജിഎസ്ടി എന്നിവ ഉൾപ്പെടെ മുഴുവൻ തുകയുടെ നികുതികൾ അടച്ച് ലേലം സ്ഥിരപ്പെടുത്തി ഉത്തരവ് കിട്ടി 5 ദിവസത്തിനകം സ്വന്തം ചെലവിലും ഉത്തരവാദിത്തത്തിലും മരങ്ങൾ മുറിച്ചുമാറ്റി കൊണ്ടുപോകേണ്ടതാണ്. ഏതെങ്കിലും കാരണത്താൽ ലേലം /ദർഘാസ് സ്ഥിരപ്പെടുത്തി കിട്ടുന്നയാൾ ലേലം നിബന്ധനകൾ ലംഘിക്കുകയാണെങ്കിൽ ടിയാൻ അടച്ച തുക നഗരസഭാ ഫണ്ടിലേക്ക് മുതൽ കൂട്ടുന്നതും മുതലുകൾ പുനർ ലേലം ചെയ്യുന്നതുമായിരിക്കും.**

**യുക്തമെന്ന് തോന്നുന്ന പക്ഷം യാതൊരു അറിയിപ്പോ, കാരണമോ കാണിക്കാതെ ലേലം തിയ്യതി മാറ്റിവെക്കുന്നതിനോ, ലേലം-ദർഘാസ് അസ്ഥിരപ്പെടുത്തുന്നതിനോ ഉള്ള പൂർണ്ണ അധികാരം നഗരസഭ സെക്രട്ടറിയൽ നിക്ഷിപ്തമായിരുക്കും. കുടുതൽ വിവരങ്ങൾക്ക് നഗരസഭാ ഓഫീസിൽ നേരിട്ട് ബന്ധപ്പെടാവുന്നതാണ്.**

(ഒപ്പ്)
സെക്രട്ടറി
മലപ്പുറം നഗരസഭ